കുവൈത്ത് കേരള മുസ്ലിം അസോസിയേഷൻെറ മെമ്പർഷിപ്പ് നാട്ടിൽ സ്ഥിര താമസത്തിന് പോകുന്ന മെമ്പർമാർക്ക് നാട്ടിൽ തുടർന്ന് നില നിർത്തുവാനുള്ള സാഹചര്യം ഉണ്ടാക്കണമെന്ന മെമ്പർമാരുടെ ആവശ്യം പരിസണിച്ച് സംഘടനയുടെ മാനേജ് കമ്മിററി നിയോഗിച്ച വിഷയം പഠിച്ച് റിപ്പോർട്ട് അവതരിപ്പിക്കുന്നതിനായി സംഘടനയുടെ മാനേജ് കമ്മിററി നിയോഗിച്ച സബ് കമ്മിററിയുടെ പഠന റിപ്പോർട്ട്.

***<u>കമ്മിററി അംഗങ്ങൾ</u>***

1. **P.K.Akbar Siddiqe**
2. **Basheer Melady**
3. **Ali Matra**
4. **Palakki Abdul Rahman**
5. **A.V.Musthafa**
6. **Abdul Fathah Thayyil**
7. **K.Basheer**

നിലവിലുള്ള സാഹചര്യത്തിൽ സാമ്പത്തീക സ്രോതസിൻെറ അഭാവം കണക്കിലെടുത്ത് മുഴുവൻ മെമ്പർമാർക്കും ആജീവനാനന്ത അംഗത്വം നല്കുവാൻ സാധിക്കുകയില്ല എന്ന നിഗമനത്തിലാണ് കമ്മിററി എത്തിച്ചേർന്നത്. ആദ്യപടിയായി സംഘടനയുടെ പ്രവർത്തനങ്ങളിൽ സജീവരായ സാന്നിദ്ധ്യം നിലനിർത്തുന്നവർക്ക് മാത്രമായി ആജീവനാന്ത മെമ്പർഷിപ്പ് പതിമിതപ്പെടുത്താമെന്ന് അഭിപ്രായത്തോട് കമ്മിററി ആംഗങ്ങൾ എല്ലാവരും യോജിപ്പ് പ്രകടിപ്പിച്ചതിൻെറ അടിസ്ഥാനത്തിൽ ആക്ടീവ് മെമ്പർമാർക്ക് മാത്രമായി പദ്ധതി നടപ്പിലാക്കുന്നതിനെ കുറിച്ചാണ് കമ്മിററി പ്രധാനമായും മൂന്ന് വിഷയങ്ങളാണ് കമ്മിററി ചർചചെയ്തത്.

- ആജീവനാന്ത മെമ്പർഷിപ്പ് ലഭിക്കുവാനുള്ള യോഗ്യതകൾ എന്തൊക്കെയായിരിക്കണം
- എന്തൊക്കെ ആനുകൂല്യങ്ങളാണ്ആജീവനാന്ത മെമ്പർമാർക്ക് നല്കുവാൻ സാധിക്കുക.
- ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ധന സമാഹരണമാർഗങ്ങൾ എന്തൊക്കയാണ്.

മേൽ പറഞ്ഞ മൂന്ന് വിഷയങ്ങളിലും കമ്മിററിയുടെ നിർദേശങ്ങൾ ഇനി പറയുന്നതാണ്.

1. ആജീവനാന്ത മെമ്പർഷിപ്പിന് യോഗ്യരാവുന്ന അംഗങ്ങളെ ലൈഫ് മെമ്പർമാർ എന്ന പേരിൽ പ്രത്യേക വിഭാഗമാക്കി പേര് രജിസ്ററർ ചെയ്യേണ്ടതാണ്.

## ***<u>Life Time Member ആകുവാനുള്ള യോഗ്യതകൾ</u>***►

1 സ്വന്തം പേരിൽ 20 ൽ കുറയാത്ത മെമ്പർമാർ ഉണ്ടായിരിക്കണം.

2 സംഘടനയുടെ എല്ലാ പ്രവർത്തനങ്ങളിലും തൻെറ കഴിവും സമയവും ഉപയോഗപ്പെടുത്തുവാൻ സന്നദ്ധനായിരിക്കണം.

3 സ്വന്തം പേരിലുള്ള അംഗങ്ങളിൽ നിന്ന് എഫ്.ബി.എസ് - എംഡബ്ല്യു എസ് പോലുള്ള സംഘടനയുടെ നിർബന്ധ പിരിവുകൾ യഥാ സമയം പിരിച്ചെടുക്കുന്നതിലും, മെമ്പർഷിപ്പ് പുതുക്കി കൊടുക്കുന്നതിലും വീഴ്ചവരുത്താത്തവരായിരിക്കണം.

4 ജോലി സംബന്ധങ്ങളായ കാരണങ്ങൾ കൂടാതെ നിരന്തരമായി ശാഖ പ്രവർത്തക സമിതി യോഗങ്ങൾ അടക്കം സംഘടനയുടെ മററ് പരിപാടികളിൽ നിന്ന് വിട്ട് നില്കാത്തവരായിരിക്കണം.

5 സംഘടനയുടെ പ്രവർത്തന മേഖലയിൽ മൂന്ന് പ്രവർത്തന വർഷം ( 6 വർഷം ) പൂർത്തിയായിരിക്കണം.

6 ഈ പദ്ധതി ആരംഭിക്കുന്നതിന് മുൻമ്പ് കുവൈത്ത് വിട്ട് നാട്ടിൽ സ്ഥിരതാമസക്കാരായ കെ.കെ.എം.എ യുടെ മുഴുവൻ പ്രവർത്തകർക്കും ആജീവനാനന്ത മെമ്പർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതാണ്.

## <u>***Life Time Membership*** *നില നിർത്തുവാനുള്ള നിബന്ധനകൾ*</u>►

a) ഖുവൈത്ത് ഒഴിവാക്കി നാട്ടിൽ സ്ഥിത താമസമാക്കുന്ന മെമ്പർമാർക്ക് മാത്രമെ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

b) ജോലി ആവശ്യമല്ലാ ഇതര രാജ്യങ്ങൾ സന്ദർക്കുന്നവർക്ക് അംഗത്വം നഷ്ടപ്പെടുന്നതല്ല.

c) നാട്ടിലെത്തി മൂന്ന് മാസത്തിനകം കെ.കെ.എം.എ യുടെ ജില്ലാ കമ്മിററികളുമായി ബന്ധപ്പെട്ട് പേരുകൾ രജിസ്ററർ ചെയ്യേണ്ടതാണ്.

d) ജില്ലാ കമ്മിററിയുമായി പ്രവർത്തിക്കുവാൻ തയ്യാറായിരിക്കണം.

e) സംഘടന തീരുമാനിക്കുന്ന നിർബന്ധ പിരിവുകളിൽ കുടുശ്ശിക വരുത്തുവാൻ പാടുള്ളതല്ല.

f) സംഘടന ഏല്പിക്കുന്ന ചുമതലകൾ ഉത്തരവാദിത്വത്തോടെ നിർവഹിക്കേണ്ടതാണ്.

മേൽ പറഞ്ഞ വിഷയങ്ങളിൽ വിട്ട് വീഴ്ച വരുത്തുന്നവരുടെ ആജീവനാന്ത അംഗത്വം ജില്ലാ കമ്മിററിയുടെ ഉപദേശ പ്രകാരം നിയമങ്ങൾക്ക് വിധേയമായി റദ്ദാക്കുവാനുള്ള അധികാരം കെ.കെ.എം.എ യുടെ കേന്ദ്ര കമ്മിററിയിൽ നിക്ഷിപ്തമായിരിക്കും.

## <u>*ബ്രാഞ്ച് കമ്മിററികളുടെ ചുമതലകൾ*</u>

- കെ.കെ.എം.എ ശാഖ കമ്മിററികളിൽ – പ്രവർത്തക സമിതി അംഗങ്ങൾ, ലൈഫ് മെമ്പർഷിപ്പ് അംഗങ്ങൾ, ആക്ടീവ് മെമ്പർമാർ ഇവരുടെ പേര് വിവരങ്ങൾ അടങ്ങിയ റജിസ്റേടഷൻ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
- എല്ലാ പ്രവർത്തന വർഷത്തിൻെറയും അവസാന പ്രവർത്തക സമിതി യോഗത്തിൽ ലൈഫ് മെമ്പർമാരുടെ പട്ടിക പുതുക്കേണ്ടതാണ്.
- ജോലി ആവശ്യാർഥം ശാഖ യോഗങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കാത്ത ആക്ടീവ് മെമ്പർമാർക്ക് മററ് യോഗ്യതകൾ അനുസരിച്ച് ലൈഫ് മെമ്പർ ആകുവാനുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്.
- ലൈഫ് മെമ്പർമാരെ നിർണയിക്കുവാനുള്ള പ്രാഥമിക അവകാശം ബ്രാഞ്ച് പ്രവർത്തക സമിതിക്കായിരിക്കും.
- ബ്രാഞ്ച് പ്രവർത്തക സമിതി അംഗീകരിച്ച ലൈഫ് മെമ്പേഴ്സ് ലിസ്ററ് കേന്ദ്ര അഡ്മിനിസ്റേടഷൻ വിഭാഗത്തിന് എത്തിച്ച് കൊടുക്കേണ്ടതാണ്.
- പ്രവർത്തന വർഷങ്ങൾക്കിടയിൽ ലൈഫ് മെമ്പർമാരെ കൂട്ടിച്ചേർക്കുവാൻ പാടുള്ളതല്ല.

- ലൈഫ് മെമ്പർമാരുടെ പട്ടികയിൽ ഉള്ളവർ  സംഘടന പ്രവർത്തനങ്ങളിൽ നിന്ന് വിട്ട് നില്കുകയും സഹകരിക്കുന്നില്ലന്ന് വ്യക്തമാവുകയും ചെയ്താൽ അവരെ പട്ടികയിൽ നിന്ന് നീക്കം ചെയ്യുവാനുള്ള അധികാരം  ശാഖ  പ്രവർത്തക സമിതി കൾക്കായിരിക്കും.
- കുവൈത്ത് വിട്ട് പോവുന്ന  ലൈഫ് മെമ്പർമാരുടെ  പേര് വിവരങ്ങൾ  യഥാ സമയം  തന്നെ കേന്ദ്ര അഡ്മിനിസ്‌റേടഷൻ വിഭാഗത്തെ അറിയിക്കേണ്ടതാണ്
- ലൈഫ് മെമ്പർ കുവൈത്ത് വിട്ട് പോയതിന് ശേഷമുള്ള പ്രവർത്തനങ്ങൾക്ക് കേന്ദ്ര അഡ്മിൻ നേരിട്ട് നേതൃത്വം  നല്കുന്നതായിരിക്കും.

## ***Life Time Member's മാർക്ക് ലഭിക്കാവുന്ന ആനുകല്യങ്ങൾ***

- 55 വയസ്  പൂർത്തിയാവും മുമ്പ് മരണപ്പെടുകയാണങ്കിൽ  **FBS**  നടപ്പിൽ വരുത്തുക
- 55 വയസ് പൂർത്തിയായത് മുതൽ മരിക്കുന്നത് വരെ 2000 രൂപ  പെൻഷൻ  നല്കുക.
- സ്ഥിരമായ മരുന്ന്  കഴിച്ച് കൊണ്ടിരിക്കേണ്ടുന്ന അസുഖ മുള്ളവർക്ക് അവരുടെ  സാമ്പത്തീക സ്ഥിതി വിലയിരുത്തി  പെൻഷൻ പ്രായത്തിൽ ഇളവ് അനുവദിച്ച് പെൻഷൻ  തുക നേരത്തെ നല്കി തുടങ്ങുക.
- മാരകമായ രോഗത്തിനുള്ള ചികിൽസക്കാവശ്യമായ ധന  സഹായം, വിവാഹ സഹായം , വീട് നിർമാണം മുതലായ സഹായങ്ങൾ അതത് സമങ്ങളിലുള്ള  മാനേജ് മെൻറ് കമ്മിററി ചർച ചെയ്ത് തീരുമാനങ്ങൾ  എടുക്കേണ്ടതാണ്.

## ***Life Time Member മാർക്ക്  ധന സഹായത്തിന് ആവശ്യമായ ഫണ്ട് കണ്ടെത്തുവാനുള്ള മാർഗങ്ങൾ***

- **FBS**  നടപ്പിൽ വരുത്തുവാനുള്ള  തുക ഇപ്പോൾ നിലവിലുള്ള  കലക്ഷൻ  രീതി തന്നെ അനുവർത്തിക്കാവുന്നതാണ്.
- **Life Time Member** മാരായി  തെരഞ്ഞടുക്കപ്പെട്ടവരിൽ  നിന്ന്  മാസാന്തരം ഒരു നിശ്ചിത സംഖ്യ വരി  സംഖ്യയായി  ഈടാക്കുക.
- ഫണ്ട് ശേഖരണത്തിൻെറ ഭാഗമായി  നടത്തുന്ന  സംഖ്യയിൽ നിന്ന്  ഒരു  നിശ്ചിത ശതമാനം പെൻഷൻ ഫണ്ടിലേക്ക്  നീക്കിവെക്കുക.
- **MWS** ഫണ്ടിൽ  നിന്നും  ഒരു  നിശ്ചിത ശതമാനം  പെൻഷൻ ഫണ്ടിലേക്ക്  നീക്കിവെക്കുക.
- ആവശ്യമായ ഘട്ടങ്ങളിൽ  **FBS** ഫണ്ടിൻെറ  കൂടെ  പെൻഷൻ ഫണ്ടിലേക്ക്  ധന സമാഹരണം നടത്തുക.